# “വെച്ചേക്കരുതൊരിക്കലും
# ഇന്നത്തെക്കാര്യം പിന്നെത്തേക്ക്.”

jthrees@hotmail.com

“തീപ്പൊരി പറന്നുയരുന്നതുപോലെയാണ് കാലം പോകുന്നത്. ഒരു പണിയുമില്ലാതെ വെറുതെയിരിക്കുന്നവനും “സമയമില്ല.”

ഇന്ന് മരിക്കും എന്ന ധാരണയോടു കൂടി കർമം ചെയ്യുക. മടി പിടിച്ചിരിക്കാൻ പറ്റിയ കാലമല്ല ഇത്.

കാലവും ജീവിതത്തിൻെറ ഭാവവും അതിവേഗമാണ് മാറുന്നത്. അത് എല്ലാ നിലക്കും നമ്മെ പ്രയാസപ്പെടുത്തുന്നുണ്ട്. കാലത്തോടൊപ്പം നീങ്ങിയിട്ടില്ലെങ്കിൽ ജീവിതം ദുസ്സഹമായി മാറും.

കുട്ടികളുടെ പഠനം, ഗാർഹികാവശ്യങ്ങൾ, ആരോഗ്യകാര്യങ്ങൾ..... മറ്റു ഇടപാടുകൾ എല്ലാം നമ്മുടെ അധ്വാനത്തെ ആശ്രയിച്ചാണിരിക്കുന്നത്. അതോടൊപ്പം നാൾക്കുനാൾ കുത്തനെ ഉയരുന്ന കമ്പോളനിലവാരം വേറെയും.

നാളെ സൂര്യനുദിക്കുന്നത് പുതിയ ആവശ്യങ്ങളുമായിട്ടാണ്. ഓരോ ആവശ്യവും അപ്പപ്പോൾ പരിഹരിക്കണം. പിന്നെയാകട്ടെ എന്നു വെക്കാൻ നേരമെവിടെ?

ഇത് വീട്ടിനകത്തെ കാര്യം. ആത്മാവിൻെറ കാര്യമോ? വീട്ടിനകത്തെ കാര്യം തീർക്കാനുള്ള ശ്രമത്തിൽ നാം മറന്നുപോവുകയോ അത്ര ഗൗരവത്തിലെടുക്കുകയോ ചെയ്യാത്ത ഒരു കാര്യമുണ്ട്. അതായത്, ഒരു നന്മയും പുണ്യവും ചെയ്യാത്തവനായി ദൈവത്തെ സമീപിക്കുകയെന്ന പാതകം. അത് നല്ലതല്ല. “നീ ഇന്ന് മരിക്കും എന്ന ഭീതിയോടെ നിൻെറ ആത്മീയകാര്യങ്ങൾ ചെയ്യുക” എന്ന് പ്രവാചകൻ മുഹമ്മദ്(സ) പഠിപ്പിച്ചത് അതാണ്. അക്കാര്യം ഗൗരവമായി തന്നെ കാണണം.

ബന്ധങ്ങളുടെ കാര്യവും പരിഗണിക്കണം. കൂട്ടിച്ചേർക്കേണ്ട ബന്ധങ്ങളെ കൂട്ടിച്ചേർക്കാനും ഊഷ്മളമാക്കേണ്ടവയെ ഊഷ്മളമാക്കാനും നാം മറന്നു. മനുഷ്യരുമായുള്ള ബന്ധം നന്നാക്കുക തന്നെ വേണം. അത് മോശമാക്കിയിടാനോ മുറിക്കാനോ പാടില്ല. ആ ബന്ധങ്ങളുടെ ഊഷ്മളതയിലാണ് നമുക്ക് ദൈവാനുഗ്രഹം ധാരാളം ലഭിക്കുക. താനുമായി ബന്ധം മുറിച്ചവനോട് ബന്ധം ചേർക്കണമെന്നും തനിക്ക് നിഷേധിച്ചവന് നല്കണമെന്നും പ്രവാചകൻ മുഹമ്മദ്(സ) പഠിപ്പിക്കുകയുണ്ടായി.

ഈവക കാര്യങ്ങളും ദിനകൃത്യങ്ങളുടെ ഭാഗമാണ്. ഒരു ദിനം അത് മുടങ്ങിയാൽ രണ്ടാം ദിവസം അതിന് ഭാരം കൂടും. ചിലതിനെ പിടിക്കാൻ കഴിയാതെ വരും.

ചെയ്യാനുള്ളതൊക്കെ അന്നന്ന് തന്നെ ചെയ്യുക. നാളെ നാം ഉണ്ടാകും എന്നതിന് എന്താണ് ഉറപ്പ്?